# തിരുവാറാട്ടുകാവിലെ അരിയിട്ടുവാഴ്ച

ഡി. ദിലീപ്

Posted on Kerala Kaumudi : Sunday, 23 January 2011



ചരിത്രവും സംസ്കാരവും ഇഴചേർന്ന് കിടക്കുന്ന ദക്ഷിണകേരളത്തിലെ അതിപ്രസിദ്ധമായ ക്ഷേത്രമാണ് ആറ്റിങ്ങൽ ശ്രീ തിരുവാറാട്ട് കാവ് ഭഗവതിക്ഷേത്രം. മകരമാസം ഒൻപതാം നാൾ തിരുവാറാട്ട് കാവ് ഭഗവതി ക്ഷേത്രത്തിൽ തിരുവിതാംകൂർ മഹാരാജാവ് ദർശനം തേടി എഴുന്നെള്ളും. അന്നാണ് വിഖ്യാതമായ 'അരിയിട്ടുവാഴ്ച'. രാജഭരണകാലത്ത് അതിപ്രതാപത്തോടെ നടന്നിരുന്ന ചടങ്ങായിരുന്നു ഇത്. അതുകൊണ്ട് തന്നെ ക്ഷേത്രം ചരിത്രപ്രാധാന്യമുള്ളതാകുന്നു.

കിഴക്കോട്ട് ദർശനം നൽകി കുടിയിരിക്കുന്ന ദേവീ ഭൈരവിയുടെ വിഹാരരംഗമാണ് ഈ ക്ഷേത്രം. ചതുർബാഹുക്കളിൽ ത്രിശൂലം, പരിച, വാൾ, തലയോട്ടി, എന്നിവയേന്തി പഞ്ചലോഹപ്രഭയിൽ ആ പ്രാപഞ്ചിക ചൈതന്യം വിരാജിക്കുന്നു. സായംസന്ധ്യക്ക് ദേവിക്ക് സമർപ്പിക്കാൻ പൊന്നിൻ ശരപ്പൊളിമാലയുമായി പൊന്നുതമ്പുരാൻ ക്ഷേത്രപ്പടവുകൾ കയറിയെത്തും. അരിയിട്ടുവാഴ്ചയ്ക്കുള്ള അരി ഒരു മണിപോലും പൊടിയാതെ കുത്തി വെളുപ്പിച്ച് പുതിയ മുറത്തിലാക്കി പൊന്നറപണിക്കർ പാട്ടുകളത്തിൽ വച്ചിരിക്കും. തന്ത്രി പാട്ടുകളത്തിൽ ഇരിക്കുന്ന അരിയിൽ മഹാരാജാവിന്റെ തൃക്കൈ തൊടീക്കും. തുടർന്ന് മഹാരാജാവിന്റെ സാന്നിദ്ധ്യത്തിൽ ദേവിയുടെ വാളിന് മുമ്പാകെ അരികൊണ്ട് ആരാധന. അനന്തരം വാളും അരിയുമായി ശ്രീകോവിലിനുള്ളിലേയ്ക്ക്.......ഒരു ശംഖ് കൊണ്ട് അരി കോരിയിട്ട് ദേവീവിഗ്രഹത്തിൽ അഭിഷേകം. നെയ്‌വിളക്കുകളുടെ കനക പ്രഭയിൽ ജ്വലിക്കുന്ന ദേവി. ദേവിക്കു മേൽ പളുങ്കുമുത്തുകൾ പോലെ പൊഴിയുന്ന അരിമണികൾ. ഇത് ഭക്തിയുടെ അരിയിട്ടുവാഴ്ച കാഴ്ച. അഭിഷിക്ത ധാന്യം ഭക്തർക്ക് പ്രസാദം.

അരിയിട്ടുവാഴ്ചാവേളയിൽ തിരുവിതാംകൂർ രാജാവിനെ തിരുവിതാംകൂറിലേയ്ക്ക് ആനയിക്കുന്ന ഹൃദയബന്ധത്തിന്റെ പൊരുളെന്ത്?. അതൊരുകഥയാണ്. ആ കഥ ചരിത്രത്തിന്റെ താളുകളിൽ കോറിയിട്ടിരിക്കുന്നു.

പണ്ട് പണ്ട് കണ്ണൂർ ദേശത്തെ തളിപ്പറമ്പ് ശിവക്ഷേത്രത്തിൽ ഉഗ്രരൂപിണിയായ ഒരു ദേവി പ്രതാപത്തോടെ വാണിരുന്നു. ഒരിക്കൽ ദേവിയുടെ ഉഗ്രഭാവത്തിന് കുടികൊള്ളാൻ പാകത്തിൽ ഒരു ക്ഷേത്രം വേണമെന്ന് വെളിച്ചപ്പെടൽ ഉണ്ടായി. തന്റെ കയ്യിലിരിക്കുന്ന ജ്വലിക്കുന്ന വിറകുകൊള്ളി വലിച്ചെറിയുമെന്നും അത് ചെന്ന് വീഴുന്നിടത്ത് ക്ഷേത്രം നിർമ്മിക്കണമെന്നും വെളിച്ചപ്പാട് നിർദ്ദേശിച്ചു. വെളിച്ചപ്പാട് വിറകുകൊള്ളി വീശിയെറിയുകയും അത് വളരെയകലെ ഒരു വനത്തിൽ ചെന്ന് വീഴുകയും ചെയ്തു. വിറകുകൊള്ളിയെ പിന്തുടർന്ന രാജാവും സംഘവും അത് വീണസ്ഥലം കണ്ടെത്തുകയും അവിടെ ക്ഷേത്രം പണിയുകയും ചെയ്തുവത്രേ. അതാണ് 'തിരു വിറകു കാട്ടിയ കാവി'ലെ ശ്രീ മാടായിക്കാവ് ഭഗവതിക്ഷേത്രം.

ക്ഷത്രിയ വംശത്തിന്റെയും വിശിഷ്യ കോലസ്വരൂപത്തിന്റെയും ഭരദേവതാക്ഷേത്രമാണിത്.

ഇനിയുള്ള കഥയുടെ വേരുകൾ നീളുന്നത് തിരുവിതാംകൂറിന്റെ മണ്ണിലൂടെയാണ്. ആ വേരുകൾ ആറ്റിങ്ങലിന്റെ ദേശചരിത്രത്തിലേയ്ക്ക് ആഴ്ന്നിറങ്ങിയിരിക്കുന്നു.

'സംഗ്രാമധീര' രവിവർമ്മ കുലശേഖരൻ വേണാട് വാണിരുന്ന കാലം. ആ കാലത്ത് തിരുവിതാംകൂറിലെ ഒരു 'സ്വരൂപ'മായിരുന്നു ആറ്റിങ്ങൽ. സ്വരൂപമെന്നാൽ സ്വയം ഭരണാധികാരമുള്ള പ്രദേശം എന്നർത്ഥം. ആവണി അമ്മത്തമ്പുരാൻ എന്ന ശ്രേഷ്ഠ വനിതയാണ് അന്ന് ആറ്റിങ്ങൽ ഭരിച്ചിരുന്നത്. ആവണീശ്വരം, ആവണിപുരം, അവനവൻചേരി തുടങ്ങിയ ആറ്റിങ്ങൽ ദേശത്തെ പല സ്ഥലനാമങ്ങളും ഈ ആവണി അമ്മത്തമ്പുരാന്റെ സ്മരണാർത്ഥമുണ്ടായതാണ്. സർവ്വഗുണസമ്പന്നയും ഐശ്വര്യത്തിന്റെ നിറകുടവുമായിരുന്നു ആവണി അമ്മത്തമ്പുരാൻ. എന്നാൽ ആ മഹതിയ്ക്ക് സന്താന സൗഭാഗ്യം മാത്രം ഉണ്ടായിരുന്നില്ല. അക്കാലത്ത് വേണാട്ടരചൻ സംഗ്രാമധീര രവിവർമ്മ കുലശേഖരന്റെ വീരഗാഥകൾ നാടെങ്ങും കേളികേട്ടിരുന്നു. സന്താനങ്ങളില്ലാതെ വിഷമിച്ചിരുന്ന ആവണി അമ്മത്തമ്പുരാൻ വേണാട്ടരചനെ മകനായി സ്വീകരിക്കാൻ ഉറച്ചു. തന്റെ ആഗ്രഹം ആ സ്ത്രീരത്നം രാജാവിനെ അറിയിക്കുകയും ചെയ്തു. എന്നാൽ ചില വ്യവസ്ഥകളും അമ്മത്തമ്പുരാൻ മുന്നോട്ട് വച്ചിരുന്നു. തന്റെ കാലശേഷം മാത്രമേ ആറ്റിങ്ങലിനെ വേണാടിനോട് ചേർക്കാവൂ എന്നും പിൽക്കാലത്ത് അനന്തരാവകാശികൾ ഇല്ലാതെ വരികയാണെങ്കിൽ ഒരു ഉത്കൃഷ്ട രാജകുടുംബത്തിൽ നിന്ന് പിൻഗാമിയെ ദത്തെടുത്ത് വാഴിക്കണമെന്നുമായിരുന്നു പ്രധാന വ്യവസ്ഥകൾ. വേണാട്ടരചൻ അമ്മത്തമ്പുരാന്റെ ആഗ്രഹം അംഗീകരിക്കുകയും ചെയ്തു. അങ്ങനെയിരിക്കേ അമ്മത്തമ്പുരാൻ അപ്രതീക്ഷിതമായി ഇഹലോകവാസം വെടിഞ്ഞു. ഉടലോടെ സ്വർഗ്ഗത്ത് പോയി എന്നും പഴമയുണ്ട്.

വേണാട്ടരചൻ അമ്മത്തമ്പുരാന് നൽകിയ വാക്ക് പാലിച്ചു. അദ്ദേഹം ചിറയ്ക്കൽ രാജ്യത്തിലെ കോല സ്വരൂപത്തിൽ നിന്ന് രണ്ട് രാജകുമാരിമാരെ ദത്തെടുക്കാൻ തീരുമാനിക്കുകയും അവർക്കായി ഒരു ചെറിയ കോല സ്വരൂപം സൃഷ്ടിക്കുകയും ചെയ്തു. ഇന്നത്തെ ഇടക്കോട്, മുദാക്കൽ, ആലംകോട്. അവനവൻചേരി, കീഴാറ്റിങ്ങൽ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂവിഭാഗത്തിന്റെ ഭരണവും രാജകുമാരിമാരിൽ നിക്ഷിപ്തമാക്കി.

ഇങ്ങനെ ദത്തെടുക്കാൻ തീരുമാനിക്കപ്പെട്ട രാജകുമാരിമാർ തിരുവിതാംകൂറിലേയ്ക്ക് വരാനൊരുങ്ങുന്ന സമയം. ഒരു ദിവസം രാത്രി ഒരു വിചിത്ര സംഭവമുണ്ടായി. രാത്രി ഉറങ്ങാൻകിടന്ന രാജകുമാരിമാർക്ക് കോല സ്വരൂപത്തിന്റെ ഭരദേവതയായ ശ്രീ മാടായിക്കാവ് ഭഗവതി സ്വപ്നത്തിൽ ദർശനം നൽകുകയും താനും അവരോടൊപ്പം തിരുവിതാംകൂറിലേയ്ക്ക് വരികയാണെന്ന് അരുളിച്ചെയ്യുകയും ചെയ്തു. തങ്ങൾക്കുണ്ടായ അപൂർവ്വ സ്വപ്നാനുഭവത്തിലെ നിയോഗം രാജകുമാരിമാർ ശിരസ്സാ വഹിച്ചു. അപ്രകാരം രാജകുമാരിമാർക്കൊപ്പം ദേവിയും ആറ്റിങ്ങലിലെത്തി; ഒപ്പം ദേവീദാസരായ ഒരുകൂട്ടം നാട്ടുകാരും. അങ്ങനെ ദേവിക്കായി ആറ്റിങ്ങലിൽ നിർമ്മിക്കപ്പെട്ട ക്ഷേത്രമാണ് 'ശ്രീ തിരു വിറകു കാട്ടിയ കാവ് ഭഗവതി ക്ഷേത്രം' (കൊല്ലവർഷം 480-482). ഈ ക്ഷേത്ര നാമം പിന്നീട് 'തിരുവാറാട്ട്കാവ്' എന്ന് രൂപാന്തരപ്പെട്ടു. തദ്ദേശീയർ 'പുത്തൻകാവ്' എന്നും ക്ഷേത്രത്തെ വിളിച്ചുപോന്നു. തിരുവിതാംകൂർ രാജവംശത്തിന്റെ പ്രത്യേകിച്ച് ആറ്റിങ്ങൽ റാണിമാരുടെ ഭരദേവതയാണ് തിരുവാറാട്ട് കാവ് ഭഗവതി. ശുദ്ധസാവേരി രാഗത്തിലുള്ള 'ജനനീ പാഹി സദാ...' ആരഭിയിലുള്ള 'പാഹി പർവ്വതനന്ദിനി' തുടങ്ങിയ നവരാത്രി കൃതികളിലൂടെ സ്വാതി തിരുനാൾ സ്തുതിക്കുന്നത് ഈ ദേവിയെയത്രേ.

പണ്ട് കോലസ്വരൂപത്തിലെ രാജാവ് മാടായിയിലുള്ള കുടുംബ ഭരദേവതയുടെ തിരുമുമ്പിൽ

വച്ച് തന്റെ അധികാരം ബലപ്പെടുത്തിയിരുന്ന ചടങ്ങായിരുന്നു അരിയിട്ടുവാഴ്ച. ഭഗവതി തിരുവിതാംകൂറിലേക്ക് വന്നതോടെ ആ അനുഷ്ഠാനം അതേപടി ഇവിടെയും ആചരിച്ചു വരുന്നു. മകരം ഒന്നു മുതൽ അരിയിട്ടുവാഴ്ചാച്ചടങ്ങുകൾ ആരംഭിക്കും. പൊന്നറ പണിക്കരുടെ കളമെഴുത്ത്, ഭദ്രകാളിപ്പാട്ട്, ആനപ്പുറത്തെഴുന്നള്ളിപ്പ് എന്നിവയെല്ലാം അരിയിട്ടുവാഴ്ചയുമായി ബന്ധപ്പെട്ട് നടക്കുന്ന ചടങ്ങുകളാണ്. മകരം 9നാണ് അരിയിട്ട് വാഴ്ച. അന്നാണ് മഹാരാജാവ് എഴുന്നള്ളുന്നത്. അരിയിട്ടുവാഴ്ചയിൽ തിരുവിതാംകൂർ മഹാരാജാവിന്റെ സാന്നിദ്ധ്യം നിർബന്ധമാണ്. (അത് ആവണി അമ്മത്തമ്പുരാൻ സംഗ്രാമധീര രവിവർമ്മ കുലശേഖരനുമായി ഉണ്ടാക്കിയ വ്യവസ്ഥകളിൽ ഒന്നായിരുന്നുവത്രേ). വിധിവൈപരീത്യം കൊണ്ട് രാജാവിന് എത്തിച്ചേരാൻ കഴിഞ്ഞില്ലെങ്കിലോ? പ്രായശ്ചിത്തമായി ഒരു ആനയെ നടയ്ക്കിരുത്തണം. അങ്ങനെ സംഭവിച്ചിട്ടുമുണ്ട്. ദാക്ഷായണിയും സീതാലക്ഷ്മിയും അപ്രകാരം നടയ്ക്കിരുത്തപ്പെട്ടവരാണ്. ദേവീ സവിധത്തിൽ ആ വാത്സല്യമേറ്റുവാങ്ങി വിഹരിച്ച് മോക്ഷപ്രാപ്തി നേടിയ ആ പുണ്യ ഗജങ്ങൾ ഇന്നും കരക്കാരുടെ ഓർമ്മകളിൽ വെഞ്ചാമരം വീശി നിൽക്കുന്നു.

മലബാറിൽ നിന്നും ദേവിയോടൊപ്പം അനവധി ഭക്തർ ഈ ഗ്രാമത്തിലേയ്ക്ക് ചേക്കേറുകയുണ്ടായി. ദീർഘകാലം ദേവീപൂജയുമായി അവർ ഇവിടെ കഴിഞ്ഞുകൂടി. കാലപ്രവാഹത്തിൽ അവരിൽ ചിലർ തിരിച്ചുപോയി. ചിലരാകട്ടെ ഈ നാടിന്റെ സംസ്കാരസരിത്തിൽ ലയിച്ചു ചേർന്നു. മൂലക്ഷേത്രവുമായുള്ള പുണ്യപുരാതന ബന്ധം വിളിച്ചോതുന്ന ചില തായ്വേരുകൾ ഇന്നും ശോഷിക്കാതെ ശേഷിക്കുന്നുണ്ട്. കൊല്ലവർഷം 482-ൽ മാടായിയിലെ തന്ത്രി കാട്ടുമാടസ്സു നമ്പൂതിരിപ്പാടാണ് ആറ്റിങ്ങൽ തിരുവാറാട്ട് കാവിലെ പ്രതിഷ്ഠ നടത്തിയത്. ഇന്നും ക്ഷേത്രത്തിലെ തന്ത്രിമാർ കാട്ടുമാടസ്സ് ഇല്ലത്തുനിന്നുള്ളവർ തന്നെ. മാടായിയിലെ ശാന്ത്രിക്കാരായ വാരണക്കോട്ട് കുടുംബാംഗങ്ങളാണ് ഇവിടുത്തേയും ശാന്തിക്കാർ. മലബാറിലെ പൊന്നറപണിക്കൻമാരുടെ പിൻതലമുറക്കാരാണ് ഉത്സവനുബന്ധിയായ കാളിയൂട്ട്, കളമെഴുത്ത്, പാട്ട് എന്നിവ നടത്തി വരുന്നത്. വടക്കൻ ശൈലിയിൽ തിരുവിതാംകൂറിൽ കാണപ്പെടുന്ന ഏക ക്ഷേത്രമെന്ന ഖ്യാതിയും ആറ്റിങ്ങൽ തിരുവാറാട്ട് കാവ് ഭഗവതീ ക്ഷേത്രത്തിന് സ്വന്തം.

കരുണാമയിയും സർവ്വാഭീഷ്ട സാധികയുമായ ദേവീഭൈരവിയുടെ കൃപാകടാക്ഷം കൊണ്ട് പവിത്രപാവനമാണ് തിരുവാറാട്ട് കാവ് ക്ഷേത്രം. അനുഗ്രഹമരുളി നിൽക്കുന്ന ഗണപതി ശാസ്താവ് കിരാതമൂർത്തി സാളഗ്രാമശിലയിൽ വാർത്ത ശിവലിംഗം, നാഗയക്ഷി, ബ്രഹ്മരക്ഷസ്... കഥ പറയുന്ന ചുമർച്ചിത്രങ്ങളും ദാരുശിൽപങ്ങളും... എല്ലാം എല്ലാം ക്ഷേത്രത്തെ ഭക്തജനങ്ങളുടെ അഭയകേന്ദ്രമാക്കുന്നു.

വൃശ്ചികത്തിലെ വാർഷികാഘോഷം, മകരത്തിലെ അരിയിട്ടുവാഴ്ച, മീനമാസത്തിലെ ഒൻപതു നാളുകൾ നീളുന്ന ഉത്സവം, വാമനപുരം നദിയിലെ ആറാട്ട്, നവരാത്രി ആഘോഷങ്ങൾ, വിജയദശമിയിലെ വിദ്യാരംഭം, ദീപക്കാഴ്ചകൾ... ഇവിടെ ഭക്തിയുടെ പ്രദക്ഷിണവഴി അനുസ്യൂതം മുന്നോട്ട് തന്നെ.